032:3N023:11
GO

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET
ELEPHANT GATE, MA

032:3N023:11 GO
ESWARA PILLAI.
Sunanda.

91648

MUL
091648

Madras University Library.

DOCTRINA VIM PROMOVET INSITAM

Call Number 032:3N023:11.G

Accession Number 91648

Available for loan from

This book should be returned on or before the date last marked below.

115 A

# സുനന്ദ.

Sunanda

(ഒരു ഭാഷാന്തരം)

ആർ. ഈശ്വരപിള്ള ബി. ഏ.

R. Eswara Pillai

N. S. S. press-Trivandrum

**1106.**

**[Second Edition.]**

97648

032:3N023:11
G0

16 AUG 19

# സുനന്ദ

ദക്ഷിണസമുദ്രത്തിൽ "വൃന്ദാവനം" എന്നു പേരുള്ള ഒരു ദ്വീപുണ്ടായിരുന്നു. ആ ദ്വീപിൽ മനുഷ്യരായിട്ട് ഒരു വൃദ്ധനും അയാളുടെ ഒരു പുത്രിയും മാത്രമേ ഉണ്ടായിരുന്നുള്ളു. ഇവർ ഇവിടെ എങ്ങിനെ വന്നു എന്നു നിശ്ചയമില്ലാ. വൃദ്ധൻെറ പേരു "പ്രിയദശ്നൻ" എന്നും യുവതിയുടെ പേർ "സുനന്ദ,, എന്നും ആയിരുന്നു. ഈ തരുണി അതിബാല്യത്തിൽതന്നെ ഈ ദ്വീപിൽ വന്നതുകൊണ്ട് തൻെറ പിതാവിൻെറ വദനമല്ലാതെ മനുഷ്യവദനം കണ്ടതായി ഓമ്മയില്ലായിരുന്നു. ഈ യുവതി ഒരു സുമുഖിയും ഗുണവതിയും ആയിരുന്നു. ഇവർ ഇരുവരും ദേവഖാതവും അതിമനോഹരവുമായ ഒരു ദരീഗൃഹത്തിൽ വസിച്ചിരുന്നു. ഈ ഗുഹയുടെ അന്തർഭാഗം പല മുറികളായിട്ടു തിരിച്ചിരുന്നതിൽ ഒന്നിന് പ്രിയദശ്നൻ "വായനമുറി" എന്നു പേരു കല്പിച്ചിരുന്നു. ഇതിലാണ് ഇദ്ദേഹത്തിൻെറ വിലയേറിയ ഗ്രന്ഥങ്ങൾ ഒക്കെയും സൂക്ഷിച്ചു വെച്ചിരുന്നത്. പതിവായിട്ടു ഇതിൽ ഇരുന്നാണ് പ്രിയദശ്നൻ ഗ്രന്ഥപാരായണം ചെയ്തുവന്നതും. ഗ്രന്ഥങ്ങളിൽ അധികവും അക്കാലത്തു വിദ്വാന്മാർ ആദരിച്ചുവന്ന മന്ത്രവാദവിഷയത്തെ പ്രതിപാദിക്കുന്നവയായിരുന്നു. ഈ ഗ്രന്ഥങ്ങൾ പ്രിയദശ്നന് ഈ പ്രവാസത്തിൽ വളരെ ഉപയോഗപ്പെട്ടു. എന്തുകൊണ്ടെന്നാൽ ഈ ദ്വീപു പണ്ടു "ക്ഷുദ്രികാ" എന്ന പ്രസിദ്ധയായ ഒരു അഭിചാരികയുടെ വാസസ്ഥലമായിരുന്നു. ഇവൾ മരിച്ചിട്ട് അധികം കാലമായിരുന്നില്ല. ഇവൾ

തന്റെ ക്രൂരാജ്ഞകളെ അനുസരിക്കാതിരുന്ന അനേകം യക്ഷന്മാരേയും കിന്നരന്മാരേയും ഈ ദ്വീപിലുള്ള വൃക്ഷങ്ങളിൽ മന്ത്രപ്രയോഗംകൊണ്ടു ബന്ധിച്ചിട്ടിരുന്നു. ഇവരെ ഒക്കെയും പ്രിയദശ്ശനൻ, തന്റെ ഈ വിഷയത്തിലുള്ള സാമത്ഥ്യംകൊണ്ടു മോചിപ്പിച്ചു സ്വതന്ത്രരാക്കിതീൎത്തു. ഇവരെല്ലാവരും അതിൽപിന്നെ പ്രിയദശ്ശനന്റെ ആജ്ഞ നടത്തുന്നതിൽ സന്നദ്ധരായിത്തീൎന്നു. ഇവരിൽ പ്രധാനി "ഖേചരൻ" എന്നു പേരായ ഒരു കിന്നരനായിരുന്നു.

ഖേചരൻ ഉത്സാഹശീലനും പ്രകൃത്യാ സാധുവുമായിരുന്നു. അതിനാൽ ആരേയും ഉപദ്രവിക്ക പതിവില്ലായിരുന്നു. എന്നാൽ തന്റെ പൂൎവ്വവൈരിയായ ക്ഷുദ്രികയുടെ പുത്രനായ ദുൎമ്മുഖനെ മാത്രം കുറച്ചൊക്കെ ശല്യപ്പെടുത്താറുണ്ടായിരുന്നു. പ്രിയദശ്ശനൻ ഒരിക്കൽ വനത്തിൽവെച്ചു ഈ മക്കടസ്വരൂപിയും വിരൂപനുമായ ദുൎമ്മുഖനെകണ്ടു കൂട്ടിക്കൊണ്ടുപോയി തന്റെ ഗുഹയിൽകൂടി താമസിപ്പിച്ചു സംസാരിക്കുന്നതിനും വേലചെയ്യുന്നതിനും മറവും പഠിപ്പിച്ചു. എന്നാൽ തന്റെ മാതാവിൽനിന്നും സിദ്ധിച്ച ദുസ്സ്വഭാവം നിമിത്തം ദുൎമ്മുഖൻ നല്ല കാൎയ്യങ്ങൾ ഒന്നുംതന്നെ ഗ്രഹിക്കയില്ലായിരുന്നു. അതുകൊണ്ടു ഇവനെ പ്രിയദശ്ശനൻ കേവലം ഒരു ദാസ്യവൃത്തിയിൽ മാത്രം വച്ചിരുന്നു. വനത്തിൽനിന്നും വിറകുവെട്ടിക്കൊണ്ടു വരുന്നതിനും മറവു ദാസ്യവേലചെയ്യുന്നതിനും ആയി ഇവനെ നിയമിച്ചിരുന്നു. ഇവനെക്കൊണ്ടു ഈ വേലകൾ ചെയ്യിക്കുന്നതു ഖേചരന്റെ ചുമതലയായിരുന്നു. ദുൎമ്മുഖൻ മടികാണിയ്ക്കയോ തന്റെ ജോലിയിൽ ഉപേക്ഷ പ്രദൎശിപ്പിക്കയോ ചെയ്യുമ്പോൾ ഖേചരൻ അദൃശ്യനായി നിന്നുകൊണ്ടു ദുൎമ്മുഖനെ നുള്ളുകയും ചിലസമയം തള്ളി ചളിയിലിടുകയും

ചെയ്യുപതിവാണ്. ചിലപ്പോൾ കുരങ്ങിന്റെ വേഷം ധരിച്ചു ദുർമ്മുഖനെ കൊഞ്ഞനം കാണിക്കയും ചിലപ്പോൾ വന്യമൃഗങ്ങളുടെ വേഷം ധരിച്ചു ദുർമ്മുഖനെ ഭയപ്പെടുത്തുകയും ചെയ്യാറുണ്ട്. പ്രിയദശ്നന്റെ ആജ്ഞയെ ലംഘിക്കുമ്പോളൊക്കെയും ഖേചരൻ ഈ മാതിരിയുള്ള പ്രയോഗങ്ങൾകൊണ്ടു ദുർമ്മുഖനെ പീഡിപ്പിച്ചുകൊണ്ടിരുന്നു.

അനേകം യക്ഷന്മാരും കിന്നരന്മാരും തന്റെ അധീനത്തിൽ ഉണ്ടായിരുന്നതുകൊണ്ട് ഇദ്ദേഹത്തിനു സമീരണനേയും സമുദ്രത്തേയും യഥേഷ്ടം ഭരിക്കാൻ കഴിവുണ്ടായിരുന്നു. ഒരു ദിവസം അദ്ദേഹത്തിന്റെ ആജ്ഞയെ അനുസരിച്ചു ഖേചരപ്രഭൃതികൾ സമുദ്രത്തിൽ ഒരു ചണ്ഡവാതത്തെ ജനിപ്പിച്ചു. ഈ കൊടുങ്കാററിൽ അകപ്പെട്ടു മലപോലെയുള്ള കല്ലോലജാലങ്ങളുടെ അടിയേററു ശിഥിലീഭവിക്കാറായ ഒരു കപ്പലിനെ പ്രിയദർശനൻ തന്റെ പുത്രിക്കു കാണിച്ചുകൊടുത്തു. ഈ കപ്പലിൽ തങ്ങളെപ്പോലെയുള്ള അനേകം ജീവികൾ ഉണ്ടെന്നും അദ്ദേഹം പുത്രിയോടു പറഞ്ഞു.

സുന്ദരി ഒരു ദയാശീലയായിരുന്നതിനാൽ അവൾക്കു തന്റെ സമസൃഷ്ടങ്ങളുടെ കഷ്ടത കണ്ടുകൊണ്ടിരിക്കാൻ പ്രയാസമായിരുന്നു. കപ്പലിൽ കിടന്നു സങ്കടപ്പെടുന്ന ജീവികളിൽ കരുണതോന്നി തന്റെ പിതാവിനോടിപ്രകാരം പറഞ്ഞു. 'എന്റെ പ്രിയ ജനകാ! അങ്ങു ഗ്രന്ഥവിദ്യകൊണ്ടാണു് ഇങ്ങിനെയുള്ള ഒരു കൊടുങ്കാററു് ഉത്ഭവിപ്പിച്ചതെങ്കിൽ ഈ ജീവികളിൽ അനുകമ്പതോന്നി അവരെ ഈ കഷ്ടതയിൽ നിന്നും മോചിപ്പിക്കുന്നതിനു ദയവുണ്ടാകണേ! ഇതാ നോക്കണേ! ഈ കപ്പൽ ഇപ്പോൾ ഉടഞ്ഞു പോകും. അയ്യോ! സാധുക്കളായ ഇവർ എല്ലാം ഇ

പ്പോൾ ചത്തുപോകും. എനിക്ക ഈ വിദ്യ അറിയാമെങ്കിൽ ഈ കപ്പലും അതിലുള്ളവരും ഒരിക്കലും നശിക്കാൻ സമ്മതിക്കയില്ലായിരുന്നു. സമുദ്രത്തെത്തന്നെ ഭൂമിക്കടിയിൽ താഴ്ത്തുമായിരുന്നു!"

പ്രിയദ:—എൻെറ സുനന്ദെ! നീ ഭയപ്പെടേണ്ട. ഈ കപ്പലിനും അതിലുള്ള ജീവികൾക്കും യാതൊരു നാശവും ഉണ്ടാകാതെയിരിപ്പാൻ ഞാൻ കരുതൽ ചെയ്തിട്ടുണ്ട്. എൻെറ കുഞ്ഞെ! നിനക്ക വേണ്ടിയാണ ഞാൻ ഇപ്പോൾ ഇതൊക്കെയും ചെയ്തത്. നീ ആരാണെന്നും എവിടെ നിന്നാണ് ഇവിടെ വന്നതെന്നും നിനക്കറിവില്ലാ. എന്നെ സംബന്ധിച്ചും ഞാൻ നിൻെറ പിതാവാണെന്നും ഈ ഗുഹയിൽ പാക്കുന്നു വെന്നും മാത്രമല്ലാതെ മറെറാന്നും നിനക്ക അറിഞ്ഞുകൂടാ. നീ ഈ ഗുഹയിൽ വരുന്നതിന മുമ്പുള്ള വല്ല സംഗതിയും നിനക്ക ഓമ്മയുണ്ടോ? ഉണ്ടാവാൻ ഇടയില്ലാ. നിനക്ക അന്ന് മൂന്നു വയസ്സമാത്രം പ്രായമേ ഉണ്ടായിരുന്നുള്ളു.

സുനന്ദ—അച്ഛാ! എനിക്ക എന്തൊ ഒക്കെ ഓമ്മയുണ്ട്.

പ്രിയദ—വേറെ വല്ല ഗുഹത്തേയും ആളുകളേയും പററി നിനക്ക ഓമ്മയുണ്ടോ? ഉണ്ടെങ്കിൽ പറക.

സുനന്ദ—എനിക്ക ചിലതെല്ലാം ഒരു സ്വപ്നംപോലെ തോന്നുന്നുണ്ട്. ഒരിക്കൽ എന്നെ പരിചരിക്കുന്നതിന് അഞ്ചോ ആറോ പരിചാരികമാർ ഉണ്ടായിരുന്നുവെന്നു തോന്നുന്നു. ഇല്ലെ, അച്ഛൻ പറയു.

പ്രിയദ—ശരിതന്നെ. ആറിലധികം പേർ ഉണ്ടായിരുന്നു. ഇതു നീ ഓർമ്മിക്കാൻ കാരണമെന്തു? നീ ഈ സ്ഥലത്തു വന്നതെങ്ങിനെയെന്നു ഓർമ്മിക്കുന്നുണ്ടോ?

സുനന്ദ—ഇത്രയുമല്ലാതെ എനിയ്ക്കു ഒന്നുംതന്നെ ഓൎമ്മ യില്ലാം.

പ്രിയദ:—എന്നാൽ കേൾക്കു. "പന്ത്രണ്ടുകൊല്ലം മുൻപു ഞാൻ കുസുമപുരത്തെ രാജാവായിരുന്നു. നീ ഒരു രാജകുമാരിയും എൻെറ ഏകരാജ്യാവകാശിനിയുമാ യിരുന്നു. എനിക്കു അനന്തപാലൻ എന്നു പേരാ യ ഒരു അനുജൻ ഉണ്ടായിരുന്നു. ഞാൻ ഏകാന്ത വാസപ്രിയനും ഗ്രന്ഥപാരായണതല്പരനുമായിരുന്ന തിനാൽ രാജ്യകാൎയ്യങ്ങൾ എല്ലാം അനുജനെ തന്നെ ഭരമേല്പിച്ചിരുന്നു ഞാൻ ലോകകാൎയ്യങ്ങളിൽ നിന്നും വിരമിച്ചു് ഗ്രന്ഥകാലക്ഷേപംതന്നെ പ്രധാ നജോലിയാക്കി എൻെറ ബുദ്ധിവികാസവിഷയ ത്തിൽ ഏകാഗ്രചിത്തനായി വൎത്തിച്ചിരുന്നു. ഇപ്ര കാരം നിൻെറ പിതൃവ്യൻ, രാജ്യം കൈവശമായി എ ന്നു കണ്ടപ്പോൾ അയാൾതന്നെയാണു രാജാവെന്ന നി ലയിൽ പ്രവൎത്തിച്ചുതുടങ്ങി. എൻെറ പ്രജകളുടെ പ്രീതിസമ്പാദിക്കുവാൻ ഞാൻ അയാൾക്കു നൽകിയ അവസരം കുടിലബുദ്ധിയായ അയാൾ എന്നെ ഭ്രഷ്ട നാക്കി രാജ്യം അപഹരിക്കുന്നതിനു ഒരു വഴിയായി ഉപയോഗപ്പെടുത്തി. അയാൾ എൻെറ പരമശത്രു വായ നാഗപുരത്തിലെ രാജാവിൻെറ സഹായത്തോടു കൂടി ഇക്കാൎയ്യം അചിരേണ സാധിച്ചു."

സുനന്ദ:—അവരെന്താണു് നമ്മെ എല്ലാവരേയും നിഗ്രഹി ക്കാഞ്ഞതു്?

പ്രിയദ:—എൻെറ പ്രജകൾക്കു് എന്നോടുള്ള സ്നേഹം സീ മാതീതമായിരുന്നതുകൊണ്ടു നമ്മെ വധിക്കുന്നതിനു അയാൾക്കു ധൈൎയ്യമുണ്ടായില്ല. അനന്തപാലൻ വ

നോദാത്ഥം നമ്മെ ഒരു കപ്പലിൽ കയററി സമുദ്രത്തിൽ അല്പദൂരം പോയപ്പോഠം പായും നയ്മ്പും മററുമില്ലാത്തതായ ഒരു തോണിയിൽ പിടിച്ചു കയററിയും വെച്ച് ഏതെങ്കിലും മുതിപ്പെടട്ടെ എന്നു കരുതി മടങ്ങിപ്പോയി. എന്നാൽ എൻെറ വിശ്വസ്തനായ ഒരു ഭൃത്യൻ, അനന്തപാലൻ അറിയാതെ കുറെ വെള്ളവും ഭക്ഷണസാധനങ്ങളും വസ്ത്രങ്ങളും എല്ലാററിലും പ്രധാനമായി എൻെറ രാജ്യത്തെക്കാഠം ഞാൻ സ്നേഹിച്ച ഗ്രന്ഥങ്ങളും തോണിയിൽ ഒരു ഭാഗത്തു സൂക്ഷിച്ചുവെച്ചിരുന്നു.

സുനന്ദ:—അയ്യോ അച്ഛാ! അന്നു ഞാൻ അച്ഛന് ഒരു വലിയ ഭാരമായിരുന്നിരിക്കണം ഇല്ലേ?

പ്രിയദ:—പ്രിയപുത്രി! ഇല്ല, നീ എന്നെ രക്ഷിക്കുന്നതിനു നിയോഗിക്കപ്പെട്ട ഒരു ദിവ്യകന്യകയായിരുന്നു. നിൻെറ നിഷ്കളങ്കമായ മന്ദസ്മിതാദികഠം എൻെറ വിപത്തിനെ സഹിക്കുന്നതിനു എനിക്കു ധൈയ്യവും ശക്തിയും നൽകി. തോണിയിലുണ്ടായിരുന്ന ഭക്ഷണസാധനം നാം ഈ വിജനദ്വീപിൽ വന്നിറങ്ങുന്നതുവരെ ഉണ്ടായിരുന്നു. ഇവിടെ വന്നതിൽപിന്നെയുള്ള എൻെറ ശ്രമങ്ങളെല്ലാം നിന്നെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിലായിരുന്നു. ദൈവാധീനംകൊണ്ടു നിനക്കു അതിൻെറ ഗുണവും സിദ്ധിച്ചു.

സുനന്ദ:—ഇതിനൊക്കെയും ദൈവം തന്നെ അച്ഛനെ അനുഗ്രഹിക്കട്ടെ. ഇപ്പോഠം അച്ഛൻ ഈ കൊടുങ്കാററിനെ ജനിപ്പിച്ചതു എന്തിനാണ്?

പ്രിയദ:—പ്രിയസുനന്ദെ! കേഠക്കു. ഈ കൊടുങ്കാററുമൂലം എൻെറ ശത്രുക്കളായ നാഗപുരത്തിലെ രാജാവും കട-

ലനായ എൻെറ അന്തർജനം ഈ ദ്വീപിൽ വന്നെത്തു വാനിടയായി. ഇത്രയും പറഞ്ഞുംവച്ച് അയാൾ അ യാളുടെ കയ്യിലിരുന്ന കോൽകൊണ്ടു സുനന്ദയെ തട വി ഉടൻതന്നെ അവൾ നിദ്രാവശഗയായി ഭവി ച്ചു. എന്തുകൊണ്ടെന്നാൽ ഈ ക്ഷണത്തിൽ ഖേച രൻ കൊടുങ്കാററാലുണ്ടായ സംഭവങ്ങളെപ്പററിയും ക പ്പലിലുണ്ടായിരുന്ന ആളുകളുടെ തൽക്കാലസ്ഥിതി യെപ്പററിയുംഅറിയിക്കുന്നതിനായി പ്രിയദൎശനൻെറ സന്നിധിയിൽ എത്തി. കിന്നരന്മാർ സുനന്ദയ്ക്കു് അ ദൃശ്യന്മാരായിരുന്നുവെങ്കിലും അദ്ദേഹം അശരീരികളാ യ ഈ സത്വങ്ങളോടു സംസാരിക്കുന്നതു് അവൾ കേൾക്കുന്നതു യുക്തമല്ലെന്നു വിചാരിച്ചാണു് ഇപ്ര കാരം ചെയ്തതു്. ഖേചരൻ വന്നയുടനെ അയാളെ ഏല്പിച്ചിരുന്ന കാൎയ്യം ശരിയായി നിൎവ്വഹിച്ചോ എ ന്നു പ്രിയദൎശനൻ ചോദിച്ചു. ഖേചരൻ കൊടുങ്കാററി ൻെറ ഭയങ്കരതയേയും നാവികന്മാരുടെ ഭയത്തേയും വിശദമായി വൎണ്ണിച്ചു കേൾപ്പിച്ചു. "ആദ്യമായി രാ ജാവിൻെറ പ്രിയ പുത്രൻ പുരന്ദരൻ ഭയവിഹ്വലനാ യി കടലിൽ ചാടി താണുപോയി. ഇയാൾ സമുദ്ര ത്തിൽ മുങ്ങി മരിച്ചുവെന്നുതന്നെയാണു രാജാവു വി ചാരിച്ചിരിക്കുന്നതു്. വാസ്തവത്തിൽ രാജകുമാരൻ മ രിച്ചിട്ടില്ല. ഇപ്പോൾ ഈ ദ്വീപിൻെറ ഒരു മൂല യിൽ കൈയും കെട്ടി ഇരുന്നു തൻെറ പിതാവു മരി ച്ചുപോയി എന്നു വിചാരിച്ചു വ്യസനിക്കുകയാണു്. എന്നാൽ രാജാവിൻെറ ഒരു ശിരോരോമത്തിനുപോ ലും നാശം വന്നിട്ടില്ല. അദ്ദേഹത്തിൻെറ പരിവട്ട ങ്ങൾ അല്പം നനഞ്ഞുവെങ്കിലും ഇപ്പോൾ പൂൎവ്വാധി

കം നിമ്മലമായിരിക്കുന്നു. ഈ വിവരണംകേട്ട് പ്രിയദശ്നൻ സന്തോഷിച്ചു. ഖേചരനെ വളരെ അഭിനന്ദിച്ച് ഇങ്ങനെ പറഞ്ഞു. "നീ സമത്ഥൻതന്നെ സംശയമില്ല! ആ രാജകുമാരനെ ഇവിടെ കൊണ്ടുവരിക. പുരന്ദരനെ എൻെറ പുത്രിയെ കാണിക്കണം. രാജാവും എൻെറ അനുജനും എവിടെ ഇരിക്കുന്നു."

ഖേചരൻ—അവരിരുവരും പുരന്ദരനെ അന്വേഷിച്ചു നടക്കുകയാണ്. എന്നാൽ അയാളെ കാണ്മാൻ സാധിക്കയില്ലാ. നാവികന്മാരിൽ ഒരുത്തനും മരിച്ചിട്ടില്ലാ. എന്നാൽ അവരിൽ ഓരോരുത്തനും മററവൻ മരിച്ചുപോയി എന്നാണു വിചാരിച്ചിരിക്കുന്നതു്. കപ്പൽ അദൃശ്യമാണെങ്കിലും ഇപ്പോഠ തുറമുഖത്തിൽ സുരക്ഷിതമായി കിടക്കുന്നുണ്ടു്.

പ്രിയദ—നിന്നെ ഭരമേല്പിച്ച കാര്യം നീ ഇപ്പോഠ ശരിയായി നിർവഹിച്ചു. എന്നാൽ ഇനിയും കുറച്ചുകൂടി ജോലിയുണ്ടു്.

ഖേചരൻ—ഇനിയും ജോലിയുണ്ടോ? സ്വാമിൻ! അങ്ങ് എനിക്കു സ്വാതന്ത്ര്യം നൽകാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ടായിരുന്നുവല്ലോ. ഇനി എത്ര താമസം ഉണ്ടു്? ഞാൻ അങ്ങേയ്ക്കു പല ഉപകാരങ്ങളും ചെയ്തിട്ടുണ്ടു്. അസത്യം പറഞ്ഞിട്ടില്ലാ. അപരാധം ചെയ്തിട്ടില്ല. സ്വാമിയെ ഭക്തിയോടും ആദരവോടും ത്രിവിധകരണംകൊണ്ടു വളരെ നാഠ സേവിച്ചില്ലേ? ഇനി എന്നെ വിട്ടയക്കരുതോ?

പ്രിയദ—നീ എന്താണു പറയുന്നതു്? ഞാൻ നിന്നെ എത്രകഠിനമായ കഷ്ടാവസ്ഥയിൽ നിന്നുമാണ് മോചി

പ്പിച്ചതെന്ന നിനക്ക ഓമ്മയുണ്ടോ? വയസ്സുകൊണ്ടും അസൂയകൊണ്ടും ദുഷിച്ച് വക്രഗാത്രയായ "ക്ഷുദ്രിക"യെ നീ മറന്നുപോയോ? അവളുടെ ജനനസ്ഥലം ഏതു്?

ഖേചരൻ—അവൾ രൗരവദേശത്താണ് ജനിച്ചതു്.

പ്രിയദ—ആകട്ടെ നിൻെറ പൂവ്വവൃത്തം ഒക്കെ ഞാൻ പറയാം. നീ അതൊന്നും ഓമ്മിക്കുന്നില്ലാ. ഈ ക്ഷുദ്രിക, അവളുടെ അതികഠിനങ്ങളായ ക്ഷുദ്രപ്രയോഗം നിമിത്തം രൌരവദേശത്തുനിന്നും ബഹിഷ്ക്കരിക്കപ്പെട്ടു. നാവികന്മാർ അവളെ ഈ ദ്വീപിൽ കൊണ്ടുതള്ളിയുംവച്ചു പോയി. നീ അവളുടെ ക്രൂരകല്പനയെ നടത്തുന്നതിന സന്നദ്ധനല്ലെന്നുകണ്ടു് അവൾ നിന്നെ ഒരു വൃക്ഷത്തിനുള്ളിൽ ബന്ധിച്ചിട്ടു. ഇവിടെ നിന്നും നിൻെറ നിലവിളികേട്ടു് ഞാൻ വന്നു നിന്നെ മോചിപ്പിച്ചു.

ഖേചരൻ—സ്വാമിൻ! എനിക്ക മാപ്പു തരണം. ഞാൻവിട്ടുയക്കാം. ഇത്രയും പറഞ്ഞു പ്രിയദശ്നൻ ഖേചരൻ ചെയ്യേണ്ടതായ കായ്യങ്ങളെല്ലാം ഇന്നവയാണെന്നു അവനെ ധരിപ്പിച്ചു. ഖേചരൻ ഉടൻ പുറപ്പെട്ടു പുരന്ദരനിരിക്കുന്ന ദിക്കിലേക്ക പോയി. പുരന്ദരൻ വിഷണ്ണനായി ഒരു ശാദ്വലപ്രദേശത്തു ഇരിക്കുന്നതു കണ്ടു.

ഖേചരൻ:—(അദൃശ്യനായിട്ടു്) അല്ലയോ! കുമാര! അങ്ങ് ഇവിടെ ഇരുന്നാൽപോരാ. ശ്രീമതിയായ സുനന്ദയുടെ സുമുഖനായ അങ്ങെ കൂട്ടിക്കൊണ്ടുചെന്നു് കാട്ടിക്കൊടുക്കേണ്ടിയിരിക്കുന്നു! ഇതാ എന്നെ അനുഗമിക്കണം.

എന്നു പറഞ്ഞു ഇങ്ങിനെ പാടിക്കൊണ്ടു മുമ്പേ പോയി.

"നിന്നുടെ താതൻ കടലിനടിക്കായ്
തന്നുടെയെല്ലം പവിഴമതായി
കണ്ണുകൾ രണ്ടും ചെറുമുത്തുകളായ്
തീർന്നു, നൃപ! തന്നവയവമെല്ലാം
ഒന്നൊഴിയാതെ സമുദ്രജലത്തിൻ
സംഗമമൂലം നവശോഭികളായ്
കിന്നരിമാരു കിലുക്കും മണിതൻ
മഞ്ജുനിനാദം ചെവികളിലായി."

തൻെറ പിതാവിൻെറ ഈവിധമുള്ള മരണവൃത്താന്തം കേട്ടു് നിശ്ചേഷ്ടനും ചിന്താമഗ്നനുമായ പുരന്ദരൻ പെട്ടെന്നു് ധൃതപ്രജ്ഞനായി ഈ അശരീരി ശബ്ദത്തെ സവിസ്മയം അനുധാവനംചെയ്തു. കുറച്ചു ദൂരം ചെന്നപ്പോൾ ഒരു വലിയ വൃക്ഷത്തിൻെറ ഛായയിൽ ഇരിക്കുന്ന പ്രിയദർശനൻേറയും സുനന്ദയുടേയും സന്നിധിയിലെത്തി. സുനന്ദയാകട്ടെ ഇതിനുമുമ്പു് തൻെറ പിതാവിനെയല്ലാതേ മറെറാരു മനുഷ്യനേയും കണ്ടിട്ടില്ലായിരുന്നു.

പ്രിയദ:—സുനന്ദേ! നീ, ദൂരെ കാണുന്ന ആ സത്വം എന്താണെന്നു പറക.

സുനന്ദ (വിസ്മയത്തോടെ) അച്ഛാ! അതൊരു ഗന്ധർവനായിരിക്കണം. അതിൻെറ ഭാവവും ഗതിയും എത്ര മനോഹരം. ഇതു അതികോമളനായ ഒരു ജീവിതന്നെ. ഒരു ഗന്ധർവൻ തന്നെയല്ലയോ?

പ്രിയദ:—"അല്ലാ ബാലേ! അതു നമ്മെപ്പോലെതന്നെ ആഹാരനിദ്രാദികളും പഞ്ചേന്ദ്രിയങ്ങളുമുള്ള ഒരു സ

ത്വമാണ്. നീ കാണുന്ന ഈ യുവാവ് ആ കപ്പ ലിൽ ഉണ്ടായിരുന്നവരിൽ ഒരുവനാണ്. ഇവൻ വ്യസനം നിമിത്തം അല്പം മ്ലാനമുഖനായിട്ടുണ്ട്. അ ല്ലെങ്കിൽ, അതിസുന്ദരനെന്നു തന്നെ പറയാം. ഇ വൻ തൻെറ കൂട്ടകാററെ കാണാഞ്ഞു് അന്വേഷിച്ചു നടക്കുകയാണ്." എല്ലാമനുഷ്യരും തൻെറ പിതാവി നെപ്പോലെ ഗൗരവഭാവവും പലിതകേശവുമുള്ളവ രാണെന്നു് വിചാരിച്ചിരിക്കുന്ന സുനന്ദ, ഈ സുമുഖ നായ രാജകുമാരനെ കണ്ടപ്പോൾ ആനന്ദഭരിതയായി ഭവിച്ചു. പുരന്ദരൻ, ഈ വിജനദ്വീപിൽ ഒരു സുന്ദ രിയായ വനിതയെ കാണുകയും അശരീരിശബ്ദങ്ങൾ കേൾക്കുകയും ചെയ്കകൊണ്ടു് വിസ്മയം തോന്നി, താൻ വന്നിരിക്കുന്ന ഈ സ്ഥലം "ത്രിദശാലയമോ" മറേറാ ആയിരിക്കുമെന്നും, ഈ ദിവ്യകന്യക ഒരു അ പ്സരസ്ത്രീ തന്നെയായിരിക്കണമെന്നും കരുതി. ഈ വി ചാരത്തിന്നനുരൂപമായ വിധത്തിൽ അവളോടു സം സാരിക്കാൻ തുടങ്ങി. എന്നാൽ സുനന്ദ, താൻ അ പ്സരസ്ത്രീയും മററുമല്ലെന്നും കേവലം ഒരു കന്യകയാ ണെന്നും അറിയിച്ചതിൻെറ ശേഷം തൻെറ ചരിത്ര ത്തെ പറയാൻ ആരംഭിച്ചു. ഉടനെ പ്രിയദർശനൻ വന്നു വിലക്കി. ഇവക്കു പരസ്പര ദർശനമാത്രയിൽ തന്നെ അന്യോന്യം അനുരാഗം ജനിച്ചു എന്നു ക ണ്ടു് പ്രിയദർശനൻ സന്തോഷിച്ചു. എന്നാൽ പുര ന്ദരൻെറ സ്ഥിരതയെ പരീക്ഷിക്കുന്നതിനായിട്ടു് ത ല്ക്കാലം ചില പ്രതിബന്ധങ്ങൾ ഉണ്ടാക്കണമെന്നു നി ശ്ചയിച്ചു് പ്രിയദർശനൻ മുമ്പോട്ടുവന്നു് പുരന്ദരനോ ടു് അല്പം കോപഭാവത്തോടെ ഇങ്ങനെ, പറഞ്ഞു-

"അങ്ങു് ഒരു ചാരനാണു്. ഈ ദ്വീപിന്റെ ഉടമസ്ഥനായ എന്നിൽനിന്നും ഇതിനെ അപഹരിക്കുന്നതിനായിട്ടായിരിക്കാം ഇവിടെ വന്നതു്. ആകട്ടെ! എന്റെ പിന്നാലെ വരിക! ഞാൻ നിന്നെ കാലുംകഴുത്തും കൂട്ടിക്കെട്ടി ഇവിടെ ഇട്ടേക്കാം. നിന്റെ പേയം, സമുദ്രജലവും, ഭോജ്യം, ഉണങ്ങിയ കിഴങ്ങുകളും പുളിംകുരുവും മററുമായിരിക്കും."

പുരന്ദരൻ—"ഈ ഭീഷണി ഒന്നും എന്നോടു് എടുക്കേണ്ട. അങ്ങേക്കാൾ ബലവാനായ ഒരു ശത്രു വരുന്നതുവരെ ഞാൻ ഇതൊന്നും സ്വീകരിക്കാൻ തയാറില്ല. എന്തിനാണു പേടിപ്പിക്കുന്നതു്?" ഇങ്ങിനെ പറഞ്ഞു തന്റെ വാൾ ഊരി, എന്നാൽ പുരന്ദരൻ തൽക്ഷണം നിന്ന നിലയിൽ സ്തംഭിച്ചു് നിശ്ചേഷ്ടനായി ഭവിച്ചു. ഇതുപ്രിയദർശനന്റെ മന്ത്രവാദം കൊണ്ടായിരിക്കണം.

സുനന്ദ, ഇതുകണ്ടു്, അച്ഛന്റെ കഴുത്തിൽകെട്ടിപ്പിടിച്ചു് ഇങ്ങനെ പറഞ്ഞു. "അച്ഛനെന്തിനാണു് ഇത്ര നിർദ്ദയനായിരിക്കുന്നതു്? ഈ മനുഷ്യനോടു് അല്പം കരുണതോന്നണെ. ഇദ്ദേഹത്തിനുവേണ്ടി ഞാൻ ജാമ്യം നിൽക്കാം. ഇദ്ദേഹം എനിക്കു കാണ്മാൻ ഇടയായ രണ്ടാമത്തെ മനുഷ്യനാണു്. അദ്ദേഹം ഒരു സത്യവാനാണെന്നാണു് എനിക്കു തോന്നുന്നതു്.

പ്രിയദ—ഇനി ഒരക്ഷരംപോലും ശബ്ദിക്കുന്നതായാൽ പിന്നത്തെ അനുഭവം എന്താണെന്നു് വിചാരിക്കുക. നീ ഈ കള്ളനുവേണ്ടി ജാമ്യം നിൽക്കാൻ പോകുന്നോ? നീ ഇവനേയും ദുർമ്മുഖനേയും മാത്രം കണ്ടിട്ടുള്ളതുകൊണ്ടു് ഇവൻ ബഹുയോഗ്യനാണെന്നു വിചാരിക്ക

യാണ്. ഈയാൾ സൌന്ദര്യത്തിൽ ദുർമ്മുഖനെ അതിശയിക്കുന്നതുപോലെ ഈയാളെ അതിശയിക്കുന്ന മനുഷ്യർ ലോകത്തിൽ ധാരാളം ഉണ്ടു്.

പ്രിയദർശനൻ ഇപ്രകാരം പറഞ്ഞതു് സുനന്ദയുടെ ധൈയ്യത്തെ പരീക്ഷിക്കാൻ മാത്രമായിരുന്നു. സുനന്ദ, ഇതു കേട്ടിട്ടിങ്ങനെ പറഞ്ഞു. "ഇനിക്കു ഇങ്ങിനെ വലിയ ഭ്രമമൊന്നുമില്ലാ. ഇദ്ദേഹത്തിനെക്കാൾ സുന്ദരനായ മനുഷ്യനെ കാണണമെന്നു് ആഗ്രഹവുമില്ലാ."

പ്രിയദ—(പുരന്ദരനോടു്) ഹേ! രാജകുമാരാ! എന്റെ കൂടെവരണം. എന്റെ ആജ്ഞയെ ലംഘിക്കുന്നതിന്ന് അങ്ങേയ്ക്കു് ശക്തിയുണ്ടാകയില്ല.

പുരന്ദരൻ—"ഇല്ല വാസ്തവംതന്നെ." ഇങ്ങനെ പറഞ്ഞു് രാജകുമാരൻ പ്രിയദർശനനെ അനുഗമിച്ചു. എന്നാൽ എന്തുശക്തികൊണ്ടാണു് പ്രിയദർശനൻതന്നെ ഇപ്രകാരം വശീകരിച്ചതെന്നു് അയാൾക്കു് അറിഞ്ഞുകൂടായിരുന്നു. പോകുന്ന വഴിക്കു, ഇടക്കിടെ മുഖം തിരിച്ചു സുനന്ദയെ കടാക്ഷിച്ചുകൊണ്ടിരുന്നു. കാണാൻ പാടില്ലാതായപ്പോൾ വളരെ വിഷാദത്തോടുകൂടി പ്രിയദർശനനൊരുമിച്ചു് ഗുഹയിൽ പ്രവേശിച്ചു്, ഇങ്ങനെ വിചാരിച്ചുകൊണ്ടിരുന്നു. "സ്വപ്നത്തിലെന്നപോലെ എന്റെ സകല ഇന്ദ്രിയങ്ങളും സ്തബ്ധങ്ങളായിതീൎന്നു. എന്നാൽ, ഈ കാരാഗൃഹത്തിൽനിന്നും ഒരുദിവസം ഒരിക്കൽ ഈ സുമുഖിയായ വനിതയെ കാണ്മാൻ സാധിക്കുമെങ്കിൽ എന്റെ ഈ അവശതയേയും ഈ മനുഷ്യന്റെ ഭീഷണികളേയും ഞാൻ വകവെയ്ക്കയില്ലായിരുന്നു." എന്നാൽ പ്രിയദർശനൻപുരന്ദരനെ അധികനേരം തടവിൽ പാൎപ്പിച്ചില്ല. അ

32D.
71648
032:3N023:11
GO

യാ൦ പുരന്ദരനെ വെളിയിൽകൊണ്ടുവന്നു് അല്പം അധ്വാനമുള്ള ഒരു ജോലി ചെയ്യുന്നതിന്ന ആജ്ഞാപിച്ചു. ഈ ജോലി ഇന്നതാണെന്നു് തൻെറ പുത്രിയേയും മനസ്സിലാക്കാതിരുന്നില്ല. ഇത്രയുംചെയ്തുംവെച്ചു് പ്രിയദശ്നൻ തൻെറ വായനമുറിയിലേക്ക പോകുന്നു എന്നു ഭാവിച്ചു് ഒളിച്ചുനിന്നു്, ഇവരിരുവരുടേയും പ്രവൃത്തികളെ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്നു. പ്രിയദശ്നൻ പുരന്ദരനെ ചുമതലപ്പെടുത്തിയിരുന്ന ജോലി ഏതാണ്ടു ഘനമേറിയ തടിക്കഷ്ണങ്ങ൦ അവിടവിടെ കിടന്നിരുന്നതിനെ ഒരു ദിക്കിൽ അടുക്കിവെയ്ക്കുന്നതായിരുന്നു. എന്നാൽ ഈ മാതിരി ശ്രമമുള്ള വേലക൦ രാജകുമാരന്മാർ ചെയ്തു പതിവില്ലായിരുന്നതിനാൽ, പുരന്ദരൻ അല്പനേരംകൊണ്ടു ക്ഷീണിച്ചു തളന്നുപോയി. സുനന്ദ ഇതുകണ്ടു് രാജകുമാരനോടു ഇങ്ങനെ പറഞ്ഞു. "അവിടുന്നു് ഇത്രയൊന്നും കഷ്ടപ്പെടേണ്ട. അച്ഛൻ വായനമുറിയിലാണു്. ഇനി ഒരു യാമനേരത്തേയ്ക്കു് ഇങ്ങോട്ടെങ്ങും വരികയില്ലാ. ഭയപ്പെടേണ്ട! അവിടെ ഇരുന്നു കുറെ വിശ്രമിക്കണം.

പുരന്ദരൻ:—എൻെറ പ്രിയബാലെ! ഞാൻ അതിന്ന തയ്യാറില്ല. ഞാൻ വിശ്രമിക്കുന്നതിന്ന മുമ്പു് എനിക്ക എൻെറ ജോലിചെയ്തു തീക്കണം. അല്ലാതെ പാടില്ല.

സുനന്ദ:—എന്നാൽ അങ്ങു് ഇവിടെ ഇരിയ്ക്കണം ഞാൻ ഈ തടികളെ കൊണ്ടുവന്നടുക്കിവെക്കാം

പുരന്ദരൻ ഇതു് ഒരിക്കലും സമ്മതിച്ചില്ല. സുനന്ദ സഹായിയായിരിക്കുന്നതിന്ന പകരം ഒരു തടസ്ഥമായിത്തീ

ന്നു. എന്തുകൊണ്ടെന്നാൽ അവർ തങ്ങളിൽ ഒരു സംഭാഷണം ആരംഭിച്ചിരുന്നതിനാൽ തടിശേഖരിച്ചു വയ്ക്കുന്നതായ ജോലി മന്ദഗതിയിൽതന്നെ നടന്നുകൊണ്ടിരുന്നതേയുള്ളു. പുരന്ദരന്റെ അനുരാഗത്തിന്റെ വാസ്തവത്തെപരീക്ഷിക്കുന്നതിനുവേണ്ടി മാത്രം അയാളെ ഈ ജോലി ഭരമേല്പിച്ച പ്രിയദർശനൻ, സുനന്ദ വിചാരിച്ചതുപോലെ വായനമുറിയിലിരിക്കയല്ലായിരുന്നു. അവർ തങ്ങളിൽസംസാരിക്കുന്നതു് കേൾക്കുന്നതിനായി സാമീപത്തിൽതന്നെ അയാൾ അദൃശ്യനായി നിൽക്കുകയായിരുന്നു. പുരന്ദരൻ ഇതിനിടക്കു്, ആ യുവതിയുടെ പേരെന്താണെന്നു് ചോദിക്കുകയും അവൾ തന്റെ അച്ഛന്റെ കല്പനയ്ക്കു വിരോധമായിട്ടാണെങ്കിലും അതിനെ അയാളോടു പറകയും ചെയ്തു. പ്രിയദർശനൻ തന്റെ പുത്രിയുടെ ഈ ആദ്യമായ ആജ്ഞാലംഘനം കണ്ടു മന്ദസ്മിതാസ്യനായി നിന്നതേയുള്ളു. എന്തുകൊണ്ടെന്നാൽ അയാൾ തന്റെ മന്ത്രവാദംകൊണ്ടു സുനന്ദക്കു പുരന്ദരനിൽ അനുരാഗം ജനിപ്പിച്ചതിനാൽ അവൾ തന്റെ ആജ്ഞയെ വിസ്മരിച്ചു് ആ അനുരാഗത്തെ പ്രദർശിപ്പിച്ചതിനു അവളെ കുററപ്പെടുത്താൻ നിവൃത്തിയില്ലായിരുന്നു. പുരന്ദരന്നു് സുനന്ദയോടുള്ള അനിതരകാമുകസാധാരണമായ ഗാഢാനുരാഗത്തെ സൂചിപ്പിച്ചു് അയാൾ ചെയ്ത ദീർഘപ്രസംഗം കേട്ടു് പ്രിയദർശനൻ അസാമാന്യമായി സന്തോഷിച്ചു. അവളുടെ സൌന്ദര്യത്തെ പ്രശംസിച്ചു് പുരന്ദരൻ ചെയ്ത പ്രസംഗത്തിനു ഉത്തരമായി സുനന്ദ ഇങ്ങിനെ പറഞ്ഞു. "ഞാൻ മററു സ്ത്രീകളെ കണ്ടിട്ടുള്ളതായി ഓർമ്മിക്കുന്നില്ല. പുരുഷന്മാരാണെങ്കിൽ, എന്റെ പ്രിയപിതാവിനേയും എന്റെ ഇഷ്ടനായ അങ്ങയേയും മാത്രമേ ഞാൻ കണ്ടിട്ടുള്ളു. സൌന്ദര്യം എ

ന്താണെന്നുതന്നെ എനിക്കറിഞ്ഞുകൂടാ. എന്നാൽ ലോകത്തിൽ അങ്ങെ ഒഴിച്ചു് ഒരു സഖാവു് വേണമെന്നു ഞാൻ ഇച്ഛിക്കുന്നില്ല. എന്നുതന്നെയുമല്ലാ എനിക്കു ഇഷ്ടപ്പെടുന്നതായ മറെറാരു രമ്യാകൃതിയെ ഊഹിക്കാൻപോലും കഴിവില്ലാ ഒ! ഞാൻ അങ്ങയുടെ അടുക്കൽ അമിതസ്വാതന്ത്ര്യം അവലംബിച്ചു് സംസാരിക്കയാണെന്നു് ഇനിക്കു ശങ്കയുണ്ടു്. എൻെറ അച്ഛൻെറ കല്പനയേയും ഞാൻ വിസ്മരിച്ചുപോയി.

പ്രിയദശ്നൻ ഇതുകേട്ടു പുഞ്ചിരിപൂണ്ടു തലകുലുക്കി ഇങ്ങിനെ വിചാരിച്ചു. "എല്ലാം എൻെറ ആഗ്രഹത്തിനു അനുരൂപമായിത്തന്നെ നടക്കുന്നു. എൻെറ മകൾ നാഗപുരത്തിലെ രാജ്ഞിയായിത്തീരും."

പുരന്ദരനും സുനന്ദയും തമ്മിൽ പിന്നീടുണ്ടായ സരസസംഭാഷണത്തിനിടക്കു താൻ നാഗപുരത്തെ യുവരാജാവാണെന്നും സുനന്ദ തൻെറ രാജ്ഞിയായിരിക്കണമെന്നും വിട്ടു സംസാരിച്ചു.

സുനന്ദ—സന്തോഷകരമായ വൃത്താന്തശ്രവണത്തിൽ കരയുന്ന ഞാൻ മൂഢയായിത്തന്നെ ഇരിക്കണം. ഞാൻ സ്പഷ്ടമായും നിഷ്കളങ്കമായും മറുപടി പറഞ്ഞേക്കാം. "അങ്ങ് എന്നെ വിവാഹം ചെയ്യാമെന്നുണ്ടെങ്കിൽ ഞാൻ അങ്ങേ ധമ്മപത്നിയായിരുന്നുകൊള്ളാം. ഇതിന്നു് ഒരിക്കലും നീക്കമില്ലെന്നു് ബോധിച്ചുകൊള്ളണം" പുരന്ദരൻ നന്ദിപറവാൻ ഭാവിച്ചപ്പോൾ പ്രിയദശ്നൻ അവരുടെ മുമ്പിൽ പ്രത്യക്ഷനായി അവരുടെ സംഭാഷണത്തിന്നു വിഘ്നംവരുത്തി.

പ്രിയദ—"മകളേ! ഒട്ടും ഭയപ്പെടേണ്ട. നിങ്ങൾ പറഞ്ഞതെല്ലാം ഞാൻ കേട്ടു. ഞാൻ നിങ്ങളുടെ ആഗ്രഹ

16 AUG

സിദ്ധിക്കു് അനുകൂലിയാണെന്നു് അറിഞ്ഞു കൊള്ളുവിൻ."

(പിന്നെ പുരന്ദരൻെറ നേരെ് നോക്കി) "ഹേ പുരന്ദരാ! ഞാൻ അങ്ങെ ഒട്ടധികം കഷ്ടപ്പെടുത്തിയിരിക്കാം. അതിനു ഞാൻ എൻെറ മകളെ നിങ്ങൾക്കു തന്നു് തക്കതായ പരിഹാരം ചെയ്യുന്നുണ്ടു്. അങ്ങെ കഷ്ടപ്പാടുകൾ ഒക്കെയും അങ്ങെ അനുരാഗത്തിൻെറ സ്ഥിരതയെ പരീക്ഷിക്കുന്നതിനുള്ള ഉപായങ്ങൾ മാത്രമായിരുന്നു. ഈ പരീക്ഷയിൽ ശ്രേഷ്ഠമായ വിധത്തിൽ അങ്ങു വിജയിയും ആയി. അതിനാൽ അങ്ങു നിർവ്യാജസ്നേഹംകൊണ്ടു ലഭിക്കുന്നതിന് അർഹതസമ്പാദിച്ച എൻെറ പുത്രിയെ, ഞാൻ ഇതാ സമ്മാനമായി നൽകിയിരിക്കുന്നു. ഇവൾ ഏതുവിധമായ പ്രശംസയേയും കവിഞ്ഞിരിക്കുന്നവളാണെന്നു് ഞാൻ പറയുന്നതിൽ അങ്ങു ഒട്ടും സംശയിക്കേണ്ട."

ഇത്രയുംകഴിഞ്ഞു പ്രിയദർശനൻ തനിക്കു വേറെ കാര്യങ്ങൾ നോക്കാനുണ്ടെന്നും പറഞ്ഞു് അവർ ഇരുവരും താൻ മടങ്ങിവരുന്നതുവരെ അവിടെ ഇരുന്നു സംസാരിച്ചുകൊള്ളുന്നതിന് അനുവാദംകൊടുത്തുംവെച്ച് അവിടെനിന്നും പോയി. എന്നാൽ ഈ ആജ്ഞയെ ലംഘിക്കുന്നതിന് സുനന്ദയ്ക്കു് ഒട്ടുംതന്നെ മനസ്സില്ലായിരുന്നു. പ്രിയദർശനൻപോയി, ഖേചരനെ വിളിച്ചു. നാഗപുരത്തിലെ രാജാവിൻേറയും പ്രിയദർശനൻെറ സഹോദരൻേറയും വൃത്താന്തം അറിവിക്കുന്നതിൻ അക്ഷമനായിരുന്ന കിന്നരൻ ഉടനെ മുമ്പിൽ പ്രത്യക്ഷനായി. അയാൾ അവക്കു കാണിച്ചുകൊടുത്ത ഭയങ്കരകാഴ്ചകളും ജനിപ്പിച്ച ഭയങ്കരശബ്ദങ്ങളും നിമിത്തം നാഗപുരത്തെ രാജാവും തൻെറ സഹോദരനും

ബോധഹീനന്മാരായി കുറച്ചുനേരം കിടന്നുവെന്നും പിന്നീട് ഉണൎന്നു ക്ഷുൽപിപാസാദികഠംകൊണ്ടു തളൎന്നു നടക്കുമ്പോഠം താൻ അവരുടെ മുമ്പിൽ വിശേഷഭക്ഷണവിഭവങ്ങഠം കൊണ്ടുവന്നു വെയ്ക്കുകയും, അവർ ഭക്ഷിക്കാനായി ഭാവിച്ചപ്പോഠം, അയാഠം ഒരു വേതാളസ്വരൂപമായി പ്രത്യക്ഷനാകയും ഭക്ഷണസാധനങ്ങഠം ഉടൻതന്നെ അദൃശ്യങ്ങളായി ഭവിക്കയും ചെയ്തുവെന്നും ഖേചരൻ അറിയിച്ചു. അനന്തരം ഇവർ പ്രിയദർശനനേയും ശിശുവായ പുത്രിയേയും രാജ്യഭ്രഷ്ടരാക്കി, നശിക്കട്ടെ എന്നു വിചാരിച്ചു കടലിൽകൊണ്ടുതള്ളിയ ദുഷ്കൎമ്മത്തെപ്പററി അവരെ ഓൎമ്മപ്പെടുത്തുകയും ആ ദുഷ്കൎമ്മഫലമാണു് ഇവർ ഇപ്പോഠം അനുഭവിക്കുന്നതെന്നും ഈ വേതാളവേഷധാരി അവരോടു പറകയും ചെയ്തു. നാഗപുരത്തിലെ രാജാവും അനന്തപാലനും ഇപ്പോഠം തങ്ങളുടെ ദുഷ്പ്രവൃത്തികളെപ്പററി പശ്ചാത്താപം തോന്നിത്തുടങ്ങി. ഇവരുടെ ഈ പശ്ചാത്താപം നിൎവ്യാജമാണെന്നു് തനിക്കു നിശ്ചയമുണ്ടെന്നും തനിക്കുതന്നെ അവരോടു് ദയതോന്നിയെന്നും ഖേചരൻ പ്രിയദർശനനോടു പറഞ്ഞു.

പ്രിയദ—"എന്നാൽ, അവരെ ഉടനെ കൂട്ടിക്കൊണ്ടു വരിക. കിന്നരനായ നിനക്കു അവരിൽ കരുണതോന്നുന്നുവെങ്കിൽ അവരെപ്പോലെ നരനായ എനിക്കു കരുണ ഇല്ലാതിരിക്കാൻ വഴിയുണ്ടോ? പ്രിയ ഖേചരാ! നീ അവരെ ഉടൻ കൊണ്ടുവരിക." ഇതുകേട്ടു ഖേചരൻ "കല്പനപോലെ" എന്നുംപറഞ്ഞു പോയി. അല്പനേരം കഴിഞ്ഞു ഖേചരൻ തൻെറ വശ്യഗാനംകൊണ്ടു നാഗപുരത്തിലെ രാജാവിനേയും അനന്തപാലനേയും വൃദ്ധനായ ഗുണാശയനേയും ആകർഷി

ച്ച് തന്റെ സ്വാമിയുടെ സന്നിധിയിൽകൊണ്ടുവിട്ടു. ഈ ഗുണാശയനായിരുന്നു പ്രിയദൎശനനെ ഖലനായ അനന്തപാലൻ മുതൽപേർ കടലിൽ തള്ളിയപ്പോൾ അദ്ദേഹത്തിനു ഗ്രന്ഥങ്ങളും ഭക്ഷണസാധനങ്ങളും തോണിയിൽ ഗൂഢമായി സൂക്ഷിച്ചു വെച്ചിരുന്നതു്. കഠിനമായ വ്യസനവും ഭയവുംകൊണ്ടു നഷ്ടചേതനന്മാരായ ഇവർ പ്രിയദർശനനെ കണ്ടിട്ടറിഞ്ഞില്ല. ആദ്യമായിട്ടു പ്രിയദൎശനൻ വൃദ്ധനും സാത്വികനുമായ ഗുണാശയനെ തന്റെ "ആത്മരക്ഷകൻ" എന്നു പേർ വിളിച്ചു വാസ്തവം അറിയിച്ചു. ഇത്രയുമായപ്പോൾ രാജാവിനും സഹോദരനും ഇദ്ദേഹം അവർ പണ്ടുഹിംസിച്ച പ്രിയദൎശനനാണെന്നുമനസ്സിലായി. അറിഞ്ഞഉടൻതന്നെ അനന്തപാലൻ അശ്രുപരീതാക്ഷനായി നിർവ്യാജമായ പശ്ചാത്താപത്തോടും ഗൽഗദാക്ഷരത്തോടുംകൂടി തന്റെ ഭ്രാതാവിനോടു മാപ്പു ചോദിച്ചു. രാജാവും പ്രിയദൎശനനെ ഭ്രഷ്ടനാക്കുന്നതിനു അനന്തപാലനെ സഹായിച്ചതിനു തനിക്കുള്ള വ്യസനത്തേയും മനസ്താപത്തേയും സ്പഷ്ടമായി മനസാ വാചാ പ്രദൎശിപ്പിച്ചു. മഹാമനസ്കനായ പ്രിയദൎശനനാകട്ടെ ഇവൎക്കു രണ്ടുപേൎക്കും മാപ്പുകൊടുത്തു. പ്രിയദൎശനനു് തന്റെ രാജ്യം തിരിച്ചുകൊടുക്കാമെന്നു് ഇരുവരും വാഗ്ദാനം ചെയ്തപ്പോൾ അയാൾ നാഗപുരത്തെ രാജാവിനോടിങ്ങനെ പറഞ്ഞു. "അങ്ങേക്കു് ഞാൻ ഒരു സമ്മാനം ഇവിടെ കരുതിവെച്ചിട്ടുണ്ടു്" എന്നു പറഞ്ഞു ഗുഹയുടെ വാതിൽ തുറന്നു് പുരന്ദരനും സുനന്ദയും ഇരുന്നു ചതുരംഗം വെയ്ക്കുന്നതിനെ കാണിച്ചുകൊടുത്തു. ഈ അപ്രതീക്ഷിതമായപര

സ്വരസംദർശനം നിമിത്തം പിതാവിനും പുത്രനു മുണ്ടായ സന്തോഷം അനിർവ്വചനീയമായിരുന്നു. എന്തു കൊണ്ടെന്നാൽ ഇതേവരെ കൊട്ടുകാററുനിമിത്തം പിതാവു മരിച്ചുവെന്നു പുത്രനും പുത്രൻ മരിച്ചുവെന്നു പിതാവും വിചാരിച്ചിരിക്കയായിരുന്നു.

സുനന്ദ—(ഇതുകണ്ടു്) ആശ്ചൎയ്യം തന്നെ. ഇവർ ഇത്ര വിശിഷ്ടജീവികളാണു്. ഇപ്രകാരമുള്ള ജനങ്ങൾ വസിക്കുന്നലോകം നിശ്ചയമായും ഉൽകൃഷ്ടമായിരിക്കണം."

നാഗപുരേശനും തന്റെ പുത്രനെപ്പോലെ യുവതിയായ സുനന്ദയുടെ സൌന്ദൎയ്യവും വിശിഷ്ടഗുണങ്ങളും കണ്ടു് ആശ്ചൎയ്യഭരിതനായിതീൎന്നു് ഇങ്ങിനെ പറഞ്ഞു:

"ഈ വനിതാരത്നം ആരാണു്? ഇവൾ നമ്മെ ആദ്യം അന്യോന്യം വേർപിരിച്ചതും ഇപ്പോൾ ഒന്നിച്ചുചേൎത്തതുമായ ഒരു വനദേവതയായിരിക്കണമെന്നു തോന്നുന്നു."

തന്റെ അച്ഛനും തന്നെപ്പോലെതന്നെ തെററിദ്ധരിച്ചതുകണ്ടു് അല്പം മന്ദസ്മിതത്തോടുകൂടി പുരന്ദരൻ ഇപ്രകാരം പറഞ്ഞു:

"അല്ലാ—സ്വാമിൻ; ഇവൾ ഒരു മനുഷ്യകന്യകതന്നെയാണു്. എന്നാൽ അമാനുഷികമായ ഒരു ശക്തിയുടെ അനുഗ്രഹത്താൽ ഇവൾ ഇപ്പോൾ എന്റെ സ്വന്തമാണു്. അങ്ങു മരിച്ചുവെന്നു വിചാരിച്ചിരുന്നതിനാൽ അച്ഛന്റെ അനുവാദം ചോദിക്കാൻ ഇടയാകാതെ ഞാൻ ഇവളെ വരിച്ചു. ഇവൾ, ഈ നിൽക്കുന്ന കുസുമപുരത്തെ രാജാവായ പ്രിയദർശനന്റെ ആത്മജയാണു്. ഇദ്ദേഹത്തിന്റെ കീ

ത്തിയെപ്പററി ഞാൻ വളരെ കേട്ടിട്ടുണ്ട്. എന്നാൽ ഇന്നേവരെ അദ്ദേഹത്തിനെ കാണ്മാൻ കഴിഞ്ഞിരുന്നില്ല. ഇദ്ദേഹത്തിൽ നിന്നും എനിക്കു ഒരു നവീനജന്മം ലഭിച്ചിരിക്കുന്നു. ഈ സുമുഖിയെ എനിക്കു നൽകിയതിനാൽ ഇദ്ദേഹം എൻെറ ദ്വിതീയജനകൻ (ശ്വശ്രുരൻ) ആയി ഭവിച്ചിരിക്കുന്നു."

നാ: രാജാവു്—എന്നാൽ ഞാൻ ഈ യുവതിയുടെ പിതാവുമായല്ലോ. പക്ഷെ, ഞാൻ എൻെറ കുഞ്ഞിനോട്ടു ക്ഷമായാചനം ചെയ്യണമെന്നുള്ളതു് എന്തു അസംബന്ധമായിതോന്നും.

പ്രിയ:—അക്കാര്യം പോട്ടെ! ഇപ്പോൾ ശുഭമായി അവസാനിച്ചതായ നമ്മുടെ കഷ്ടതകളെ ഇനി സ്മരിക്കേണ്ടതില്ലാ. ഇതിനുശേഷം പ്രിയദർശനൻ തൻെറ അനുജനെ ആലിംഗനം ചെയ്തു. താൻ അയാൾക്കു് ഹൃദയപൂർവം മാപ്പുകൊടുത്തിരിക്കുന്നുവെന്നും സംശയിക്കേണ്ട എന്നു പറഞ്ഞു. കുസുമപുരത്തിൽ നിന്നു തന്നെ ഭ്രഷ്ടനാക്കുന്നതിനു ഇടയാക്കിയതു് സർവ്വനിയന്താവായ ഈശ്വരൻെറ ഇച്ഛയാണെന്നും അതു് തൻെറ പുത്രി നാഗപുരത്തിലെ അവകാശിയും ഭാഗഭാക്കുമായിതീരുന്നതിനും ആയിരുന്നുവെന്നും ഈ ദ്വീപിൽവെച്ചുണ്ടായ പരസ്പരസന്ദർശനം കൊണ്ടാണെല്ലോ പുരന്ദരനു് സുനന്ദയിൽ സ്നേഹം ജനിച്ചതെന്നും കൂടി അയാൾ പറഞ്ഞു. അനുജനെ സമാശ്വസിപ്പിക്കുന്നതിനായി പ്രിയദർശനൻ പറഞ്ഞ ഈ വാക്കുകൾ കേട്ടു് അനന്തപാലൻ ശോകലജ്ജാപരവശനായി നിശ്ചേഷ്ടനായി ഭവിച്ചു. ഒന്നുംതന്നെ പറയാൻ ശ

ക്തനായില്ലാ, വൃദ്ധനായ ഗുണാശയൻ പുനർജാതമായ ഇവരുടെ നിർവ്യാജമൈത്രികണ്ടു് ഹർഷാശ്രുസപ്ലുതനായി ഈ ദമ്പതിമാക്കു സർവ്വ അനുഗ്രഹങ്ങളും നൽകുന്നതിനു ജഗദീശ്വരനോടു പ്രാത്ഥിച്ചു. പിന്നെ പ്രിയദർശനൻ അവരുവന്ന കപ്പൽ തുറമുഖത്തിൽ സുരക്ഷിതമായി കിടപ്പുണ്ടെന്നും നാവികന്മാരും അതിൽതന്നെ ഉണ്ടെന്നും താനും തന്റെ പുത്രിയും അവരോടുകൂടി കുസുമപുരത്തേയ്ക്കു് അടുത്ത ദിവസം പ്രഭാതത്തിൽ തന്നെ വരുന്നുണ്ടെന്നും അവരെ ധരിപ്പിച്ചു. ഇതിനിടയ്ക്കു് എല്ലാവക്കും എന്റെ ഈ ദരീഗൃഹത്തിലുള്ളതായ ഭക്ഷണം കഴിക്കാം. വൈകീട്ടു് നിങ്ങളുടെ വിനോദത്തിനായി ഞാൻ ഈ വിജനദ്വീപിൽ വന്ന നാൾതൊട്ടുള്ള എന്റെ ചരിത്രം ഞാൻ നിങ്ങളെ പറഞ്ഞു കേൾപ്പിക്കാം. എന്നു പ്രിയദർശനൻ പറഞ്ഞു.

പിന്നെ ദുർമ്മുഖനെ വിളിച്ചു ഗുഹയൊക്കയും വൃത്തിയാക്കുന്നതിനും ഭക്ഷണം തയ്യാറാക്കുന്നതിനും ശട്ടംകെട്ടി. തന്റെ ഏക ഭൃത്യനായ ഈ വിരൂപസത്വത്തിന്റെ ആകൃതിയും ഭാവവും മററും കണ്ടു അവിടെ കൂടിയിരുന്നവർ എല്ലാവരും വളരെ അത്ഭുതപ്പെട്ടു.

പ്രിയദർശനൻ ദ്വീപിൽ നിന്നും പോകുന്നതിനുമുമ്പു തന്റെ ദാസനായ ഖേചരനു് മോചനം നൽകി. ഉത്സാഹശീലനായ ഖേചരനു് ഇതു നിസ്സീമമായ സന്തോഷം നൽകി. ഖേചരൻ പ്രിയദർശനന്റെ ഒരു വിശ്വസ്തഭൃത്യനായിരുന്നുവെങ്കിലും സദാ സ്വാതന്ത്ര്യലാഭത്തിനായി കാത്തിരിക്കയായിരുന്നു. ഇവനു് ഖഗങ്ങളെപ്പോലെ വായുമണ്ഡലത്തിലും തരുനിരകളിലും സുരഭികളായ കുസുമങ്ങളി

ല്പം സ്വച്ഛന്ദം സഞ്ചരിക്കുന്നതിനു അത്യാഗ്രഹം ഉണ്ടായിരുന്നു. ഖേചരനു സ്വാതന്ത്ര്യം നൽകിയപ്പോൾ, പ്രിയദർശനൻ ഇങ്ങിനെ പറഞ്ഞു. "എന്റെ പ്രിയഖേചരാ! നിന്റെ വിയോഗം എനിക്കു ദുസ്സഹമാണ്. എന്നാലും നിനക്കു പൂർണ്ണസ്വാതന്ത്ര്യം നൽകിയിരിക്കുന്നു.

ഖേചരൻ—സ്വാമിൻ നമസ്കാരം. എനിക്കു ഒരപേക്ഷയുണ്ട്. അങ്ങെ ദാസനോട് യാത്രപറയുന്നതിനു മുമ്പു സ്വാമിയുടെ കപ്പലിന്റെകൂടെ വന്ന അനുകൂലമായ കാറ്റുകൾകൊണ്ട് വഴിയിൽ സഹായിക്കുന്നതിനു അനുവാദം നൽകണം. ഇതു കഴിഞ്ഞതിനുശേഷം സ്വതന്ത്രനായി ആനന്ദതുന്ദിലനായിട്ട് ജീവിച്ചുകൊള്ളാം. ഇങ്ങനെ പറഞ്ഞുകൊണ്ടു ഒരു പാട്ടുപാടി.

"അളികൾകവരും പൂന്തേ-
നൊളിവിൽ ഞാൻ കുടിക്കുവൻ
കിളവൻ മൂങ്ങ മൂളീട്ടാ
കളനാദം ശ്രവിച്ചു ഞാൻ;
നളിനത്തിൻ ദളത്തിങ്കൽ
കളിയാൻ ശയിക്കുവൻ.
കളഹംസ വരൻതന്റെ
ഗളമേറി നടക്കുവൻ.

കല്പദ്രുമത്തിൻ ചെറുകൊമ്പിൽ മേവും
ഫുല്ലപ്രസൂനത്തണലിൽ സദാ ഞാൻ.
ഉല്ലാസമോടും നിവസിക്കുവൻ മേൽ
കല്യാണമെല്ലാക്കുമുദിച്ചിടട്ടെ."

പ്രിയദൎശനൻ തന്റെ മന്ത്രവാദഗ്രന്ഥങ്ങളും കോലും ഭൂമിയിൽ കുഴിച്ചിട്ടു. ഇനിമേൽ ഇവയെ ഉപയോഗപ്പെടത്താൻ അദ്ദേഹം വിചാരിച്ചില്ലാ. തന്റെ ശത്രുക്കളെ ജയിക്കയും തന്റെ സഹോദരനോടും നഗരപുരത്തിലെ രാജാവിനോടും പിണക്കം തീൎന്നു സമാധാനപ്പെട്ടുകയും ചെയ്തതിന്റെ ശേഷം തന്റെ സ്വദേശത്തുപോയി രാജ്യാധിപത്യം സ്വീകരിക്കയും വിളംബംവിനാ തന്റെ പുത്രിയായ സുനന്ദയും പുരന്ദരനും തമ്മിലുള്ള വിവാഹം ആഘോഷപൂൎവ്വം നടത്തുകയും ചെയ്തു. വഴിക്ക് ഖേചരൻ അനുകൂലങ്ങളായ വാതപോതങ്ങളെ കൊണ്ടു് തന്റെ സ്വാമിയുടെ കടൽയാത്രയെ ഏററവും എളുപ്പമാക്കിത്തീൎത്തും വെച്ചു് സ്വതന്ത്രചിത്തനായി വിഷ്ണുപദം അവലംബിച്ചു വസിച്ചു.

ശുഭം

MUL
091648

1 NOV. 1953